# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.577** **29.01.2019 ൽ മറുപടിയ്ക്ക്**

## പുരപ്പുറ സൗരോർജ്ജ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി. പി. അയിഷാ പോറ്റി** | | **ശ്രീ. എം. എം. മണി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വീടിന്റെ പുരപ്പുറത്ത് സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന വിവരം ജില്ല തിരിച്ച് വെളിപ്പെടുത്താമോ; | (എ) | 'സൗര' പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ 2019 ജനുവരി 23 വരെ 121260 പേർ രജിസ്റ്റർ ചെയ്തു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>അനെർട്ട് സജ്ജമാക്കിയിട്ടുള്ള ഇലക്ട്രോണിക്സ് മാർക്കറ്റ് പ്ലേയ്സ് ആയ "ബൈ മൈ സൺ" (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ വഴി പുരപ്പുറത്ത് സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയിൽ രജിസ്റ്റർ ചെയ്തതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി 2 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ വിശദമാക്കാമോ; | (ബി) | നിലവിലെ കമ്പോള നിരക്കിനേക്കാൾ കുറഞ്ഞ ചെലവിൽ സോളാർ നിലയം സ്വന്തമാക്കുന്നതിനും മൂലധനമുടക്കില്ലാതെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സിന്റെ ഉത്പാദകനാവാനും നിലവിലെ വൈദ്യുത ചാർജ്ജ് കുറയ്ക്കാനും ഉപഭോക്താക്കൾക്ക് അവസരം ലഭിക്കുന്ന തരത്തിലാണ് സൗര വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്.<br><br>അനെർട്ട് വഴി നടത്തുന്ന പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് സബ്സിഡി ലഭ്യമാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്. ഇത് വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്കുമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ആകെ 10 MW ശേഷിക്കുള്ള സബ്സിഡിയാണ് കേന്ദ്രസർക്കാർ |

| | | | |
|---|---|---|---|
| | | | അനുവദിച്ചിട്ടുള്ളത്. ഇത് പൂർത്തിയാവുന്ന മുറയ്ക്ക് അധിക പദ്ധതികൾക്ക് സബ്സിഡി അനുവദിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. അനുവദിക്കുന്ന മുറയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതാണ്. |
| (സി) | പദ്ധതി പ്രാബല്യത്തിൽ വരുത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ? | (സി) | 'സൗര' പദ്ധതി പ്രഖ്യാപിച്ചശേഷം ഉപഭോക്താക്കളെ പദ്ധതിയുടെ ഭാഗമാക്കുന്നതിനായി ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം നടപ്പിലാക്കി-യിരുന്നു. സൗര പദ്ധതി സംബന്ധിച്ച് ഉപഭോക്താക്കൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിനും പദ്ധതിയുടെ ഗുണ ഗണങ്ങൾ സാധാരണക്കാരെ മനസ്സിലാക്കിക്കുന്നതിനും കേരളത്തിലെ 25 ഇലക്ട്രിക്കൽ സർക്കിളുകൾ വഴി സൗരയുടെ നോട്ടീസ് വിതരണവും മറ്റു പരസ്യ പ്രചരണങ്ങളും നടത്തിയിട്ടുണ്ട്. ഇതിനുപുറമേ www.sourakseb.in എന്ന വെബ്സൈറ്റ് ആരംഭിക്കുകയും വിവിധ സാമൂഹ്യ മാധ്യമങ്ങളിലൂടെ വലിയ തോതിലുള്ള പ്രചരണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.<br><br>'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടലിൽ രജിസ്ട്രേഷൻ ചെയ്തു കഴിഞ്ഞാൽ സ്ഥലം സന്ദർശിച്ച് സാധ്യതാപരിശോധന നടത്തുന്നു. അതിനു ശേഷം ഉപഭോക്താവിന് വെബ്സൈറ്റിലെ ലിസ്റ്റിലുള്ള കമ്പനിക്കു ഓർഡർ നൽകാവുന്നതാണ്. എത്ര രൂപയാണ് ആകെ ചെലവ്, അതിൽ എത്ര രൂപ സബ്സിഡി ലഭ്യമാകും, ബാക്കി എത്ര രൂപ അടയ്ക്കണം എന്നീ വിവരങ്ങൾ വെബ് സൈറ്റിൽ ലഭ്യമാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം (4)

2019 ജനുവരി 23 വരെ സൗര പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ഉപഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| Sl. No | District | Total Registration (No) |
|---|---|---|
| 1 | Thiruvannathapuram | 5234 |
| 2 | Kollam | 5334 |
| 3 | Pathanamthitta | 2356 |
| 4 | Alappuzha | 6513 |
| 5 | Kottayam | 4832 |
| 6 | Idukki | 3895 |
| 7 | Ernakulam | 10222 |
| 8 | Thrissur | 19433 |
| 9 | Palakkad | 10739 |
| 10 | Malappuram | 12822 |
| 11 | Kozhikode | 8530 |
| 12 | Wayanad | 13751 |
| 13 | Kannur | 11723 |
| 14 | Kasargode | 5876 |
| TOTAL | | **121260** |

Sd/-
സെക്ഷൻ ഓഫീസർ

അനുബന്ധം - 2

**<u>വീടിന്റെ പുരപ്പുറത്ത് സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയിൽ അനെർട്ടിന്റെ ബൈമൈസൺ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയതവരുടെ ജില്ല തിരിച്ചുള്ള കണക്ക്</u>**

| Sl No | District | Solar PV power Plant (Grid-tie) | Solar PV power Plant (Off-Grid) |
|---|---|---|---|
| 1 | Thiruvananthapuram | 113 | 0 |
| 2 | Kollam | 28 | 3 |
| 3 | Alappuzha | 44 | 0 |
| 4 | Pathanamthitta | 17 | 0 |
| 5 | Kottayam | 46 | 0 |
| 6 | Idukki | 17 | 0 |
| 7 | Ernakulam | 129 | 1 |
| 8 | Thrissur | 96 | 0 |
| 9 | Palakkad | 23 | 0 |
| 10 | Malappuram | 38 | 0 |
| 11 | Kozhikode | 49 | 0 |
| 12 | Wayanadu | 7 | 0 |
| 13 | Kannur | 112 | 3 |
| 14 | Kasaragod | 26 | 0 |
| **Total** | | **745** | 7 |

സെക്ഷൻ ഓഫീസർ